7. പദ്ധതികൾ അംഗീകൃത സാങ്കേതിക നിലവാരം പുലർത്തുന്നവയായിരിക്കണം.

8. നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന പുതിയ റോഡുകൾ പൂർത്തിയാക്കുമ്പോൾ ആ റോഡ് ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ തമ്മിലുള്ള ദൂരം ടി റോഡ് നിർമ്മിക്കുന്നതിനുമുമ്പുള്ള ദൂരത്തേക്കാൾ കുറവായിരിക്കുകയും പുതിയ റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമായിരിക്കുകയും വേണം.

9. റോഡിന്റെ ദൈർഘ്യം ചുരുങ്ങിയത് 5 കിലോമീറ്റർ എങ്കിലും ഉണ്ടായിരിക്കണം.

(ഡി) മേൽപ്പറഞ്ഞ നിബന്ധനകൾക്കനുസൃതമായ പദ്ധതിയാണെങ്കിൽ നബാർഡിന്റെ സഹായം ലഭിക്കുന്നതിനാവശ്യമായ നടപടി തുടങ്ങും.

79 (543) കോന്നി നിയോജകമണ്ഡലത്തിലെ കലുങ്കുകൾ പുതുക്കി പണിയാനുള്ള നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കൊടുമൺ-നെടുമൺകാവ് റോഡിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ആശുപത്രി ജംഗ്ഷന് സമീപമുള്ള ഒറ്റത്തേക്കിലെ പാലത്തുംപാടിന് സമീപമുള്ളതുമായ കലുങ്കുകൾ പുതുക്കിപണിയാനുള്ള നടപടി ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ കലുങ്കുകളുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കൊടുമൺ-നെടുമൺകാവ് റോഡിലെ ഒറ്റത്തേക്കിലെ പാലത്തുംപാടിനു സമീപമുള്ള കലുങ്ക് പുതുക്കി പണിയാനുള്ള ടെൻഡർ വിളിച്ചിരിക്കുകയാണ്.

(ബി) ഈ പണിക്കുവേണ്ടി 2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.

(സി) ഈ പണിയുടെ ടെൻഡറിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ മൂന്നുമാസത്തിനകം പണി തീർക്കാൻ കഴിയും.

80 (545) ബൈപ്പാസ് റോഡുകൾക്ക് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly